REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-04-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പഹൽഗാം ഭീകരാക്രമണത്തിൽ, കേന്ദ്രമന്ത്രിസഭയുടെ സുരക്ഷാ സമിതി തീരുമാനങ്ങൾക്ക് സർവ്വകക്ഷിയോഗത്തിന്റെ പൂർണ പിന്തുണ.
- സിന്ധു നദീജല കരാർ മരവിപ്പിച്ച് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു.
- ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്ത്യോപചാരം അർപ്പിച്ച് പതിനായിരങ്ങൾ. സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വത്തിക്കാനിലേക്ക്.
- IPL ട്വന്റി-20 ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തിൽ, കേന്ദ്രമന്ത്രിസഭയുടെ സുരക്ഷാ സമിതിയെടുത്ത നടപടികൾക്ക് ഡൽഹിയിൽ ഇന്നലെ ചേർന്ന സർവ്വകക്ഷിയോഗം പൂർണ പിന്തുണ അറിയിച്ചു. ഭീകരവാദത്തിനെതിരായ പോരാട്ടത്തിലും സർവകക്ഷിയോഗം ഗവൺമെന്റിനെ പിന്തുണച്ചു. പാർലമെന്റ് ഹൗസ് സമുച്ചയത്തിൽ ചേർന്ന യോഗത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, DMK, BJD, AIMIM നേതാക്കളുമടക്കം 15 രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ പങ്കെടുത്തു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)....

രണ്ട് മണിക്കൂറോളം നീണ്ട യോഗത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, പഹൽഗാം സംഭവത്തെപ്പറ്റിയും, അതിനെതിരെ ഗവൺമെന്റെടുത്ത പ്രതിരോധ നടപടികളും വിശദീകരിച്ചു. കൂടുതൽ കടുത്ത നടപടികൾക്ക് ഗവൺമെന്റ് തയ്യാറെടുക്കുകയാണെന്നും അദ്ദേഹം നേതാക്കളെ അറിയിച്ചു.

സംഭവത്തെപ്പറ്റിയും, ശരിയായ സമയത്ത് ആക്രമണത്തെ കുറിച്ച് വിവരം ലഭിക്കുന്നതിലുണ്ടായ പിഴവിനെക്കുറിച്ചും, ഇന്റലിജൻസ് ബ്യൂറോയിലെയും, ആഭ്യന്തര മന്ത്രാലയത്തിലെയും ഉദ്യോഗസ്ഥർ യോഗത്തെ ധരിപ്പിച്ചതായി കേന്ദ്രമന്ത്രി കിരൺ റിജിജു മാധ്യമങ്ങളോടു പറഞ്ഞു.

പഹൽഗാം ഭീകരാക്രണത്തെ അപലപിക്കുന്നതായും ഗവൺമെന്റെടുക്കുന്ന നടപടികൾക്ക് പൂർണ പിന്തുണ അറിയിക്കുന്നതായും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും പറഞ്ഞു.

✪✪✪

സിന്ധു നദീജല കരാർ മരവിപ്പിച്ച് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. പാകിസ്ഥാനി പൗരന്മാരുടെ വിസാ സേവനങ്ങളും ഉടൻ പ്രാബല്യത്തിൽ വരുന്നവിധം കേന്ദ്രഗവൺമെന്റ് സസ്പെൻഡ് ചെയ്തു.

പാകിസ്ഥാൻ പൗരന്മാർക്ക് ഇതുവരെ അനുവദിച്ച വിസകളുടെ കാലാവധി ഈ മാസം 27 ന് അവസാനിപ്പിക്കും. മെഡിക്കൽ വിസകളുടെ കാലാവധി ഈ മാസം 29 വരെയായിരിക്കും. ഇന്ത്യയിൽ കഴിയുന്ന പാക്പൗരന്മാർ ഈ തീയതികൾക്കകം രാജ്യം വിടണമെന്ന് വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു. പാകിസ്ഥാനിലേക്ക് ഇന്ത്യൻ പൗരന്മാർ യാത്ര ഒഴിവാക്കണമെന്നും, നിലവിൽ അവിടെയെത്തിയവർ എത്രയും വേഗം മടങ്ങിയെത്തണമെന്നും മന്ത്രാലയം നിർദ്ദേശം നൽകി.

അതേസമയം, ഹിന്ദുക്കളായ പാകിസ്ഥാനി പൗരന്മാർക്ക് നൽകിയ ദീർഘകാല വിസകൾക്ക് തുടർന്നും പ്രാബല്യമുണ്ടായിരിക്കും.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ചും, ഇന്ത്യക്ക് പിന്തുണയറിയിച്ചും നിരവധി ലോകനേതാക്കൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ടെലഫോൺ സംഭാഷണം നടത്തി.

ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, ജോർദാൻ രാജാവ് അബ്ദുല്ല രണ്ടാമൻ,

ഈജിപ്ത് പ്രസിഡന്റ് അബ്ദുൽ ഫത്താഹ് LCC തുടങ്ങിയവരാണ് നരേന്ദ്രമോദിയുമായി സംസാരിച്ചത്.

കുറ്റവാളികളെയും അവരെ പിന്തുണക്കുന്നവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ ഇന്ത്യയെടുത്ത ഉറച്ച നിലപാടിന് എല്ലാവരും പിന്തുണ അറിയിച്ചതായി വിദേശകാര്യമന്ത്രാലയം സാമൂഹികമാധ്യമത്തിൽ വെളിപ്പെടുത്തി.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ഉപഭൂഖണ്ഡത്തിലെ സംഘർഷാവസ്ഥ വളരാതിരിക്കാൻ ഇന്ത്യയും പാക്കിസ്ഥാനും പരമാവധി സംയമനം പാലിക്കണമെന്ന് U.N സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് നിർദേശിച്ചു. 26 പേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തെ അപലപിക്കുന്നതായി ആവർത്തിച്ച ഗുട്ടറസ്, ഏതു പ്രശ്നവും അർത്ഥവത്തായ ഇടപെടലിലൂടെ പരിഹരിക്കണമെന്നും ആവശ്യപ്പെട്ടു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഇന്ന് ജമ്മു കശ്മീർ സന്ദർശിക്കും. മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ അദ്ദേഹം അവലോകനം ചെയ്യും.

ഭീകരാക്രമണവുമായി ബന്ധപ്പെട്ട മൂന്ന് ലഷ്കർ ഭീകരരെ കുറിച്ച് വിവരം നൽകുന്നവർക്ക് 20 ലക്ഷം രൂപ വീതം പാരിതോഷികം നൽകുമെന്ന് ജമ്മു കശ്മീർ പോലീസ് അറിയിച്ചു.

✪✪✪

മിസൈലുകളെ കടലിന് മുകളിൽ തകർക്കുന്ന സംവിധാനം നാവികസേനാ മിസൈൽ നാശിനിക്കപ്പൽ- INS സൂററ്റ് - വിജയകരമായി പരീക്ഷിച്ചു. നാവികസേനയുടെ രാജ്യരക്ഷാ ശേഷി പ്രകടമാക്കുന്ന പരീക്ഷണത്തിന്റെ വിഡിയോ സാമൂഹ്യമാധ്യമങ്ങളിൽ സൈന്യം പങ്കുവെച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരോട് ആദരസൂചകമായി കോൺഗ്രസ് ഇന്ന് ന്യൂഡൽഹിയിൽ മെഴുകുതിരി തെളിയിച്ച് മാർച്ച് നടത്തും. സംസ്ഥാന തലത്തിലും ജില്ലാ ആസ്ഥാനങ്ങളിലും അനുശോചന പരിപാടികൾ സംഘടിപ്പിക്കാനും കോൺഗ്രസ് പ്രവർത്തക സമിതി തീരുമാനിച്ചിട്ടുണ്ട്.

✪✪✪

പാകിസ്ഥാൻ അതിർത്തി രേഖ അബദ്ധത്തിൽ മറികടന്ന BSF ഉദ്യോഗസ്ഥനെ പാകിസ്ഥാൻ കസ്റ്റഡിയിലെടുത്തതായി റിപ്പോർട്ടുകൾ പറയുന്നു. ഫിറോസ്പൂരിൽ ഇന്ത്യ-പാക് അതിർത്തി ഗേറ്റിന് സമീപം ഇന്ത്യൻ കർഷകരുടെ സുരക്ഷയ്ക്ക് നിയോഗിച്ച സൈനികനാണ് അബദ്ധത്തിൽ അതിർത്തി മറികടന്നത്. പാകിസ്ഥാൻ റേഞ്ചർമാരുമായി BSF വിഷയം ചർച്ച ചെയ്യും.

✪✪✪

പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റ് മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി N രാമചന്ദ്രന്റെ സംസ്കാരം രാവിലെ 11 ന് ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടത്തും. രാവിലെ ഏഴര മുതൽ ഒൻപതര വരെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ ഭൗതികശരീരം പൊതുദർശനത്തിന് വെയ്ക്കും. മന്ത്രിമാരായ AK ശശീന്ദ്രൻ, P രാജീവ് തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിക്കും.

സംസ്കാര ചടങ്ങുകൾക്ക് ശേഷം ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിലെ അനുശോചന യോഗത്തിൽ കൊച്ചി മേയറും ജനപ്രതിനിധികളും പങ്കെടുക്കും. മന്ത്രി Dr.R ബിന്ദു ഇന്നലെ രാമചന്ദ്രന്റെ വീട് സന്ദർശിച്ചു.

✪✪✪

കശ്മീർ പഹൽഗാം ഭീകര ആക്രമണത്തിൽ ജീവൻ പൊലിഞ്ഞവർക്ക് വേണ്ടി BJP കോഴിക്കോട്ട് ആദരാഞ്ജലികൾ അർപ്പിച്ചു. പാർട്ടി സംസ്ഥാന വൈസ് പ്രസിഡണ്ട് P രഘുനാഥ് ഉദ്ഘാടനം ചെയ്തു.

✪✪✪

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്ത്യോപചാരം അർപ്പിയ്ക്കാൻ പതിനായിരങ്ങൾ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. നാളെ വരെയാണ് പൊതുദർശനത്തിന് അവസരം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരയോടെ സംസ്കാര ശുശ്രൂഷകൾ ആരംഭിക്കും. ഫ്രാൻസിസ് മാർപ്പാപ്പയുടെ അഭിലാഷപ്രകാരം റോമിലെ സെന്റ് മേരി മേജർ ബസലിക്കയിലാണ് പോപ്പിന് കബറിടം ഒരുക്കുന്നത്.

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാരത്തിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് വത്തിക്കാൻ

സിറ്റിയിലേക്ക് യാത്ര തിരിക്കും. സെൻ്റ്പീറ്റേഴ്സ്ബസലിക്കയിൽ പുഷ്പ ചക്രം സമർപ്പിച്ച് രാഷ്ട്രപതി ഫ്രാൻസിസ് മാർപ്പായ്ക്ക് ആദരാഞ്ജലി രേഖപ്പെടുത്തും. നാളെ ലോകത്തെ പ്രമുഖർ പങ്കെടുക്കുന്ന സംസ്കാര കുർബാനയിലും രാഷ്ട്രപതി പങ്കെടുക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. മാർപ്പാപ്പയോട് ആദരസൂചകമായി ഇന്ത്യയിൽ മൂന്നു ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

BJP യുടെ വികസിത കേരളം കൺവൻഷൻ ഇന്ന് കണ്ണൂരിൽ. പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ, BJP നോർത്ത്, സൗത്ത് ജില്ലാകമ്മിറ്റികൾ സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കും. രാവിലെ പയ്യാമ്പലത്തെ KG മാരാർ സ്മൃതിമണ്ഡപത്തിലും, കണ്ണൂർ യുദ്ധസ്മാരകത്തിലും പുഷ്പാർച്ചന നടത്തിയശേഷമായിരിക്കും രാജീവ് ചന്ദ്രശേഖർ, ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിലെ കൺവൻഷൻ ഉദ്ഘാടനം ചെയ്യുക. വൈകിട്ട് വികസിത കേരളം കൺവൻഷൻ തലശ്ശേരി സംഗമം ഓഡിറ്റോറിയത്തിൽ സംസ്ഥാന പ്രസിഡണ്ട് ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ന് ലോക മലമ്പനി നിവാരണ ദിനം. രോഗ പ്രതിരോധത്തിനും, നിയന്ത്രണത്തിനും ആവശ്യമായ ബോധവത്ക്കരണം ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഏപ്രിൽ 25 ന് ലോക മലമ്പനി നിവാരണ ദിനം ആചരിക്കുന്നത്.

മലമ്പനി നിവാരണ ദിനത്തിൻ്റെ സംസ്ഥാനതല ചടങ്ങ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഇടുക്കി ജില്ലയിൽ മലമ്പനിയ്ക്കെതിരെ ജാഗ്രത പുലർത്താൻ ജില്ലാ മെഡിക്കൽ ഓഫീസർ പ്രത്യേക നിർദ്ദേശം നൽകി.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ബംഗളൂരുവിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ 11 റൺസിന് തോൽപ്പിച്ചു.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ചെന്നൈ MM ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട് ജില്ലാ സീനിയർ ഓപ്പൺ ചെസ് സെലക്ഷൻ ചാമ്പ്യൻഷിപ്പിൽ ചേവായൂർ ഭവൻസ് സ്കൂളിലെ അരുണോദയ് ചാമ്പ്യനായി. സിൽവർ

ഹിൽസിലെ അലൻ ഡാൻലിയ്ക്കാണ് രണ്ടാം സ്ഥാനം. മത്സരങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത നാലു പേർ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജില്ലയെ പ്രതിനിധീകരിക്കും.

✪✪✪

ഹിമാചലിലെ ധർമ്മശാലയിൽ നാഷണൽ മാസ്റ്റേഴ്സ് വോളിബോൾ ടൂർണമെന്റ് വനിതാവിഭാഗത്തിൽ കേരളം ജേതാക്കളായി. ഹിമാചൽപ്രദേശിനെയാണ് കേരളം തോൽപ്പിച്ചത്.

✪✪✪

വടക്കൻ ജില്ലകളിൽ നാളെ വരെ ചിലയിടങ്ങളിൽ അര മണിക്കൂർ വൈദ്യുതി നിയന്ത്രണം ഉണ്ടായേക്കുമെന്ന് KSEB അറിയിച്ചു. കക്കയം ജല വൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്കിൽ ചോർച്ച കണ്ടതിനെ തുടർന്ന് വൈദ്യുതി ഉത്പാദനം നിർത്തിവെച്ചതിനെ തുടർന്നാണിത്.

✪✪✪

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് ഉച്ചകഴിഞ്ഞ് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരംഭിക്കും. സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കീം പരാതികളിൽ തെളിവെടുപ്പു നടത്തും.

✪✪✪

BJP മുൻ സംസ്ഥാന പ്രസിഡണ്ടും മുതിർന്ന നേതാവുമായിരുന്ന KG മാരാരുടെ മുപ്പതാം അനുസ്മരണ ദിനം ഇന്ന് ആചരിക്കും. വൈകിട്ട് BJP തിരുവനന്തപുരം സിറ്റി ജില്ലാ ഓഫീസിൽ മാരാർജി അനുസ്മരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

വഖഫ് ഭേദഗതി നിയമം രണ്ട് സമുദായങ്ങൾക്കിടയിലെ തർക്കം എന്ന നിലയിലാണ് പ്രതിപക്ഷ പാർട്ടികൾ പ്രചരിപ്പിക്കുന്നതെന്ന് BJP ദേശീയ സെക്രട്ടറി അരവിന്ദ് മേനോൻ അഭിപ്രായപ്പെട്ടു. സമുദായ സ്പർദ്ധയുണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. BJP ജനജാഗരണ യജ്ഞത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാല കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അരവിന്ദ് മേനോൻ.

✪✪✪

കൊച്ചി കപ്പൽശാലയുടെ ഉപകമ്പനിയായ ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിച്ച ആദ്യ ചരക്കു കപ്പൽ, നോർവീജിയൻ കമ്പനിയ്ക്ക് മംഗലാപുരത്ത് കൈമാറി. 3800 ടൺ ചരക്ക് കൈകാര്യം ചെയ്യാവുന്ന ഇത്തരം അഞ്ച് കപ്പലുകൾ കൂടി നിർമ്മിച്ചു നൽകാൻ ഉഡുപ്പി കൊച്ചിൻ ഷിപ്പിയാർഡിന് കമ്പനി ഓർഡർ നൽകിയിട്ടുണ്ട്. 6,300 ടൺ ചരക്ക് ശേഷിയോടു കൂടിയ എട്ട് കപ്പലുകൾക്കും കമ്പനി ഓർഡർ ചെയ്തിട്ടുണ്ട്.

✪✪✪

വയനാട്ടിലെ മേപ്പാടി എരുമക്കൊല്ലിയിൽ കാട്ടാനയാക്രമണത്തിൽ ഒരാൾ മരിച്ചു. ഇന്നലെ രാത്രി ഒൻപതരയോടെ അറുമുഖൻ എന്നയാളെയാണ് ആന ചവിട്ടിക്കൊന്നത്. വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പ്രാഥമിക നടപടികൾ സ്വീകരിച്ചു.

✪✪✪

തൃശൂർ ജില്ലയിൽ കഴിഞ്ഞ വർഷത്തെ കാലവർഷ കെടുതിയെ തുടർന്ന് വീടുകൾക്ക് കേടുപാടു സംഭവിച്ചവർക്ക് വിതരണം ചെയ്യാൻ അഞ്ച് കോടി 68 ലക്ഷം രൂപ കൂടി അനുവദിച്ചതായി മന്ത്രി K രാജൻ അറിയിച്ചു. നേരത്തെ സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് എട്ട് കോടി 88 ലക്ഷം രൂപ അനുവദിച്ചിരുന്നു,

✪✪✪